**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2139** **09-12-2022 - ൽ മറുപടിയ്ക്ക്**

**റോ-റോ ജങ്കാർ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഫോർട്ട് കൊച്ചി-വൈപ്പിൻ റോ-റോ സർവ്വീസ് നടത്തുന്ന ജങ്കാറുകൾ വിവിധ സാങ്കേതിക കാരണങ്ങളാൽ ഇടക്കിടെ മുടങ്ങുന്നതുമൂലം യാത്രക്കാർ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം പരിഗണിച്ചുകൊണ്ട് പുതിയ റോ-റോ ജങ്കാർ വാങ്ങുന്നതിനായി സംസ്ഥാന ബജറ്റിൽ പണം അനുവദിച്ചുവോയെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23 വർഷത്തിൽ സംസ്ഥാന ജലഗതാഗത വകുപ്പിന് കീഴിൽ ഒരു സോളാർ ഇലക്ട്രിക് റോ റോ വെസ്സൽ വാങ്ങുന്നതിന് ഭരണാനുമതിയും ടെണ്ടർ അനുമതിയും നൽകിയിട്ടുണ്ട്. കുസാറ്റ് മുഖേന സാധ്യതാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വെസ്സൽ ഉപയോഗിച്ച് വൈക്കം- തവണക്കടവ്, ബോൾഗാട്ടി-വെല്ലിംഗ്ടൺ എന്നീ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഫോർട്ട് കൊച്ചി-വൈപ്പിൻ റൂട്ടിൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതാ പഠനം ഇതുവരെ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിയിട്ടില്ല. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | 2022-23 വർഷത്തിൽ സംസ്ഥാന ജലഗതാഗത വകുപ്പിന് കീഴിൽ ഒരു സോളാർ ഇലക്ട്രിക് റോ റോ വെസ്സൽ വാങ്ങുന്നതിന് ഭരണാനുമതിയും ടെണ്ടർ അനുമതിയും നൽകിയിട്ടുണ്ട്. കുസാറ്റ് മുഖേന സാധ്യതാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വെസ്സൽ ഉപയോഗിച്ച് വൈക്കം- തവണക്കടവ്, ബോൾഗാട്ടി-വെല്ലിംഗ്ടൺ എന്നീ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഫോർട്ട് കൊച്ചി-വൈപ്പിൻ റൂട്ടിൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതാ പഠനം ഇതുവരെ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ